"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് -മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി- വയനാട് മുണ്ടക്കൈ/ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വാടക ബത്ത അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് തുക റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്**

സ.ഉ.(സാധാ) നം.1237/2026/RD തീയതി,തിരുവനന്തപുരം, 04-07-2026

പരാമർശം:- 1. സ.ഉ(സാധാ )നം.273/2026/DMD തീയതി 03.07.2026.
2. സ.ഉ(സാധാ )നം.280/2026/DMD തീയതി 04.07.2026.

**ഉത്തരവ്**

വയനാട് ജില്ലയിലെ മുണ്ടക്കൈ/ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടമായി മാറ്റിപർപ്പിച്ച കുടുംബങ്ങൾക്ക് വാടക ബത്ത അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് 76,14,000/-രൂപ അനുവദിക്കുവാൻ പരാമർശ (2) പ്രകാരം ഉത്തരവായിരുന്നു.

2. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ ചൂരൽമല മുണ്ടക്കൈ ഉരുൾ പൊട്ടൽ ദുരന്തത്തിൽ വീട് നഷ്ടമായി മാറ്റിപർപ്പിച്ച കുടുംബങ്ങൾക്ക് വീട്ടു വാടക ബത്ത അനുവദിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് (ടൗൺഷിപ്പിൽ ആദ്യഘട്ടത്തിൽ വീട് കൈമാറിയ 177 കുടുംബങ്ങൾക്ക് ജൂൺ 30 വരെയുള്ള വാടകയും ബാക്കി ഗുണഭോക്താക്കൾക്ക് അടുത്ത 3 മാസത്തേയ്ക്ക് കൂടിയും എന്ന വ്യവസ്ഥയിൽ) 76,14,000/- (എഴുപത്തിആറു ലക്ഷത്തി പതിനാലായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3.വിതരണത്തിനാവശ്യമായി വരുന്ന തുകയായ 76,14,000/- (എഴുപത്തി ആറു ലക്ഷത്തി പതിനാലായിരം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും വയനാട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYASHREE T K
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ ലാൻഡ് റവന്യൂ ,തിരുവനന്തപുരം.
കമ്മീഷണർ ,ദുരന്ത നിവാരണം ,തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി.
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ,വയനാട് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Ajitha V V
Date: 04-07-2026 18:32:43

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
റവന്യൂ (ഡി.ആർ.എഫ്.എ, ബി) വകുപ്പുകൾക്ക്.